**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിച്ച് നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ; | (എ) | **സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്. ഓരോ വർഷവും കേരള പരീക്ഷാഭവൻ പുറപ്പെടുവിക്കുന്ന പരീക്ഷാനോട്ടിഫിക്കേഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പരിപത്രം ഇവയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അപേക്ഷ, വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ പ്രധാനാദ്ധ്യാപകന്റെ ശുപാർശയോടെ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ക്രോഡീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ടി അപേക്ഷകൾ പരിശോധിച്ച് അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് നൽകുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്ക്രൈബ് ഉൾപ്പെടെയുള്ള പരീക്ഷാനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തുവരുന്നു.** |
| (ബി) | ഒരു വിദ്യാർത്ഥിയ്ക്ക് സ്ക്രൈബിനെ ആവശ്യമാണെന്നുള്ള സർട്ടിഫിക്കറ്റ് നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കാമോ; | (ബി) | മെഡിക്കൽ ബോർഡ്/ മെഡിക്കൽ അതോറിറ്റിയിൽ അംഗങ്ങളായ ഡോക്ടർമാർ. |
| (സി) | ഇങ്ങനെ സ്ക്രൈബിനെ ഉപയോഗിച്ച് പരീക്ഷ എഴുതുന്ന കുട്ടികൾക്ക് കൊടുക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന് കാലാവധി ഉണ്ടോയെന്ന് അറിയിക്കുമോ; | (സി) | പരിമിതിയുടെ സ്വഭാവം അനുസരിച്ച് വൈകല്യത്തിന്റെ തോത് വ്യത്യാസം വരാൻ സാധ്യതയുള്ളവർക്ക് താൽക്കാലിക സർട്ടിഫിക്കറ്റും (temporary) സ്ഥിരവൈകല്യമുള്ളവർക്ക് സ്ഥിരമായ സർട്ടിഫിക്കറ്റും (permanent) ലഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വിദ്യാർത്ഥികൾ സ്ക്രൈബിനെ | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| | ഉപയോഗിച്ചിരുന്നു എന്ന് എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്താറുണ്ടോ എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ